# ഉള്ളങ്ങൾ അറിയുന്ന ദൈവം

## സദൃശ്യവാക്യങ്ങൾ 16:2

"മനുഷ്യനു തന്റെ വഴികളൊക്കെയും വെടിപ്പായി തോന്നുന്നു. യഹോവയോ ആത്മാക്കളെ തൂക്കി നോക്കുന്നു."

ഇന്ന് നാം ആയിരിക്കുന്ന ഈ ലോകത്തിൽ ശരിയും തെറ്റും തമ്മിൽ വേർതിരിക്കാനാവാതെ, പാപബോധമില്ലാതെ ജീവിക്കുന്നവരാണ് അനേകരും. ഒരു വ്യക്തിക്ക് തന്റെ പ്രവൃത്തികളെല്ലാം നിർമ്മലമായി തോന്നുന്നു. തെറ്റിനെ പോലും ബലഹീനതയായും, സാഹചര്യങ്ങളുടെ സമ്മർദ്ദമായും ന്യായീകരിക്കപ്പെടുന്നു. പണ്ടു കാലത്ത് തെറ്റ് എന്ന് പറഞ്ഞ് മാറ്റിവെച്ചിരുന്ന പലതും ഇന്ന് ജീവിതത്തിന്റെ ഭാഗമായി മാറി. മനുഷ്യൻ ചെയ്യുന്ന എല്ലാ പ്രവൃത്തിക്കും ഒരു ന്യായീകരണമുണ്ട്. അത് ഒരു പക്ഷെ ലോകത്തിന്റെ മുമ്പിൽ അവനെ നീതീകരിച്ചേക്കാം. എന്നാൽ വചനം നമ്മെ വ്യക്തമായി ഓർമ്മിപ്പിക്കുന്നു, യഹോവയായ ദൈവം ഒരുവന്റെ ഹൃദയത്തെയാണ് നോക്കുന്നത്.

ഒരു മനുഷ്യനും മറ്റൊരുവന്റെ ഉള്ളിലിരിപ്പ് മനസ്സിലാക്കാൻ സാധ്യമല്ല. എന്നാൽ നമ്മുടെ വിചാരങ്ങളും, ചിന്തകളും അറിയുന്ന ഒരു ദൈവം നമ്മെ എപ്പോഴും കാണുന്നുണ്ട് എന്ന സത്യം നാം മറന്നു പോകരുത്. നമ്മുടെ നന്മ പ്രവൃത്തിയുടെ പിന്നിലുള്ള ഉദ്ദേശ്യം പോലും ചിലപ്പോൾ സ്വാർത്ഥപരമായിരിക്കാം. അതുപോലെ കൊടിയ പാപം ചെയ്ത ഒരുവൻ വാസ്തവമായും ദൈവസന്നിധിയിൽ പാപബോധത്തോടെയും പശ്ചാത്താപത്തോടെയും കടന്നു വന്നേക്കാം. മാനുഷികമായ കണ്ണുകൊണ്ട് നമുക്ക് മനസ്സിലായില്ലെങ്കിലും ദൈവത്തിന് യഥാർഥ നീതിമാനെ തിരിച്ചറിയാൻ സാധിക്കും. അതുകൊണ്ട് മനുഷ്യന്റെ ദൃഷ്ടിയിൽ വെടിപ്പായി തോന്നുന്ന പല കാര്യങ്ങളും ദൈവത്തിന്റെ മുമ്പിൽ അറപ്പുളവാക്കുന്നു എന്നു ദൈവമക്കൾ മറന്നു പോകരുത്. ഉള്ളങ്ങളെ അറിയുന്ന ദൈവത്തിന്റെ മുമ്പിൽ ചിന്തകളും, വാക്കും, പ്രവൃത്തിയും നിർമ്മലമായിരിക്കണം. അതിനായി ദൈവത്തോട് യാചിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

സദൃശ്യവാക്യങ്ങൾ 16:7

ഒരുത്തന്റെ വഴികൾ യഹോവെക്കു ഇഷ്ടമായിരിക്കുമ്പോൾ അവൻ അവന്റെ ശത്രുക്കളെയും അവനോടു ഇണക്കുന്നു.

സിസ്റ്റർ. നിനു ബിനു ബേബി ആലപ്പുഴ 032